2. എം.എസ്. വർഗീസ്
3. വി.എം. അഹമ്മദ് (എല്ലാവരും തിരുവനന്തപുരം ദൂരദർശനിലെ റിപ്പോർട്ടർമാർ)
4. എം.എസ്. ബിജു (ഏഷ്യാനെറ്റ്)

(ബി)&(സി) ഇലക്ട്രോണിക്സ് മാധ്യമങ്ങളിലെ പ്രതിനിധികൾക്ക് അക്രെഡിറ്റേഷൻ അനുവദിക്കുന്നതു സംബന്ധിച്ച നിയമം തയ്യാറായി വരികയാണ്. നിയമം പ്രാബല്യത്തിൽ വന്നശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## ഔദ്യോഗിക വാഹനങ്ങൾക്ക്മേൽ നിറമുള്ള ലൈറ്റ് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച്

**22(1488)** ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക വാഹനങ്ങൾക്ക്മേൽ നിറമുള്ള ലൈറ്റ് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇവ ലംഘിക്കപ്പെടുത്തുന്നുണ്ടോ എന്ന് സർക്കാർ പരിശോധിക്കാറുണ്ടോ;

(സി) ഔദ്യോഗിക വാഹനങ്ങൾക്ക്മേൽ ലൈറ്റ് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ രൂപപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഔദ്യോഗിക വാഹനങ്ങൾക്കുമേൽ ചുവപ്പു ലൈറ്റ് പ്രദർശിപ്പിക്കാവുന്ന വിശിഷ്ട വ്യക്തികൾ ആരൊക്കെയെന്ന് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കാറുണ്ട്.

(സി) വ്യക്തമായ ഉത്തരവുകൾ ഇപ്പോൾ നിലവിലുണ്ട്.

## വഴിതടയൽ സമരം

**23 (1491)** ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാറിന്റെ കാലത്ത് വഴി തടയൽ സമരത്തിന്റെ ഭാഗമായി എത്ര മന്ത്രിമാരെ എത്ര പ്രാവശ്യം വഴി തടഞ്ഞു എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മന്ത്രിമാരെ ഇപ്രകാരം വഴി തടഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

**മന്ത്രിമാരുടെ സ്വത്ത്വിവരം**

24(1492)ശ്രീ. വി. ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിമാർ അവരുടെ സ്വത്ത്വിവരക്കണക്ക് ലോകായുക്ത ആക്ടിലെ വ്യവസ്ഥപ്രകാരം മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർവാഹമില്ല.

**മുൻമന്ത്രിമാർക്കെതിരെ അഴിമതി കേസുകൾ**

25(1493)ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മുൻമന്ത്രിമാർക്കെതിരെ അഴിമതി കേസുകൾ നിലവിൽ ഉണ്ട്;

(ബി) ഇതിൽ ശിക്ഷ വിധിച്ചിട്ടുള്ള കേസുകൾ എത്രയെണ്ണമുണ്ട്; അവ ഏതെല്ലാം;

(സി) വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള കേസുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6 പേർക്കെതിരെ.

(ബി) ഒരെണ്ണം. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ഗ്രാഫൈറ്റ് കേസുമായി (വി.സി.7/88/എസ്.ഐ.യു.) ബന്ധപ്പെട്ട് ശിക്ഷിച്ചിട്ടുണ്ട്.

(സി) 1. ശ്രീ. ആർ. ബാലകൃഷ്ണപിള്ള മുൻ വൈദ്യുതി മന്ത്രിയായിരിക്കെ കർണ്ണാടകത്തിലെ ഗ്രാഫൈറ്റ് ഇൻഡ്യാ ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനിക്ക് അനധികൃതമായി വൈദ്യുതി നൽകിയ കേസിൽ രണ്ടാമത്തെ കുറ്റപത്രം അനുസരിച്ചുള്ള കേസ് കോടതിയിൽ വിചാരണയിലാണ്.

2. ശ്രീ. ടി. എം. ജേക്കബ് ജലസേചന മന്ത്രിയായിരിക്കെ കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസും കോടതിയുടെ പരിഗണനയിലാണ്.

3. പാമോലിൻ ഇറക്കുമതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, മുൻ സിവിൽ സപ്ലൈസ് വകു

† അനുബന്ധം IV
1132/2010

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം - IV

**6.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 23 (1491)-ന്റെ ഉത്തരം കാണുക**

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രിമാരെ വഴിതടഞ്ഞ 14 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

1. 19.11.92 ന് അങ്കമാലി ടൗണിൽവച്ച് ശ്രീ. എം.വി. രാഘവനെ (അന്നത്തെ സഹകരണ വകുപ്പുമന്ത്രി) 10 സി.പി.എം. പ്രവർത്തകർ വഴിതടഞ്ഞ സംഭവം.

2. മൂവാറ്റുപുഴ പുളിത്തോട്ട് കവലയിൽവച്ച് 23.12.94 ന് അന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രി സി.എച്ച്. മുസ്തഫയുടെ കാർ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ തടഞ്ഞ സംഭവം.

3. 22.12.94 ൽ അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. എം.വി. രാഘവനെ ഡി.വൈ.എഫ്.ഐ. ക്കാർ കൊല്ലം ചിന്നക്കടയിൽവച്ച് തടഞ്ഞ സംഭവം.

4. 6.11.95 ൽ എൽ.ഡി.എഫ്. നേതൃത്വത്തിൽ കൊല്ലം ചിന്നക്കടയിൽവച്ച് അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. എം.വി. രാഘവനെ തടഞ്ഞ സംഭവം.

5. 17.11.94 ൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറിനെ പാലക്കാട്ട് സിവിൽ സ്റ്റേഷൻ പരിസരത്തുവച്ച് 6-ഓളം എസ്.എഫ്.ഐ. എ.ഐ.എസ്.എഫ്. വിദ്യാർത്ഥികൾ വഴിതടഞ്ഞ സംഭവം.

6. 7.11.95 ന് പാലക്കാട് ജില്ലാ ആശുപത്രിയ്ക്ക് മുന്നിൽവച്ച് അന്നത്തെ കേരളാ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. എ.കെ. ആന്റണിയെ എസ്.എഫ്.ഐ., എ.ഐ.എസ്.എഫ്. പ്രവർത്തകർ വഴിതടഞ്ഞ സംഭവം.

7. പത്തനംതിട്ടയിൽ 12.1.96 ൽ അന്നത്തെ സഹകരണ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.എം.വി.രാഘവനെ 19 ഡി.വൈ.എഫ്.ഐ. പ്രവർത്തകർ വഴിതടഞ്ഞ സംഭവം.

8. 12.1.96 ൽ പത്തനംതിട്ടയിൽവച്ച് മുൻ കേന്ദ്രമന്ത്രി ശ്രീ. പി.ജെ. കുര്യനെ 23 ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ചേർന്ന് വഴിതടഞ്ഞ സംഭവം.

9. 14.11.94 ൽ തിരുവല്ലയിലെ പാലിയക്കരയിൽ വച്ച് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ ഇ.ടി. മുഹമ്മദ് ബഷീറിനെ എസ്.എഫ്.ഐ. പ്രവർത്തകർ വഴിതടഞ്ഞ സംഭവം.

10 18.11.94 ൽ കോഴിക്കോട് മെഡിക്കൽ കോളേജിനടുത്തുവച്ച് 15 ഓളം എസ്.എഫ്.ഐ. പ്രവർത്തകർ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറിനെ വഴിതടഞ്ഞ സംഭവം.

11. 2.2.96 ൽ കോഴിക്കോട് വെങ്ങാലിയെന്ന സ്ഥലത്തുവച്ച് 2000 ത്തോളം സി.പി.എം.-ഡി.വൈ.എഫ്.ഐ. പ്രവർത്തകർ അന്നത്തെ സഹകരണ വകുപ്പു മന്ത്രി ശ്രീ. എം.വി. രാഘവനെ വഴിതടഞ്ഞ സംഭവം.

LIBRARY ARCHIVES Kerala Legislative Assembly

12. കൂത്തുപറമ്പിൽ അന്നത്തെ സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ.. എം.വി. രാഘവനെ സി.പി.എം.-ഡി.വൈ.എഫ്.ഐ. പ്രവർത്തകർ വഴി തടഞ്ഞ സംഭവം.

13. പരിയാരം മെഡിക്കൽ കോളേജിൽ വച്ച് ശ്രീ. എം.വി. രാഘവനെ എസ്.എഫ്.ഐ., എ.ഐ.എസ്.എഫ്. വിദ്യാർത്ഥികൾ വഴിതടഞ്ഞ സംഭവം.

14. കാസർഗോഡ് വച്ച് സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം.വി. രാഘവനെ വഴിതടഞ്ഞ സംഭവം.

ഈ സർക്കാർ വന്നതിനുശേഷം മന്ത്രിമാരെ വഴിതടഞ്ഞ 4 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

1. 5.12.99 ൽ ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ യാത്ര ചെയ്തുവന്നതായ 6329-ാം നമ്പർ മലബാർ എക്സ്പ്രസ് ട്രെയിൻ കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ വച്ച് യുവമോർച്ച പ്രവർത്തകർ ട്രെയിൻ തടഞ്ഞ സംഭവം.

2. 19.9.97 ൽ പാലക്കാട് ജില്ലയിൽ സുൽത്താൻപേട്ട മാതൃഭൂമി ഓഫീസിനു മുന്നിൽ വച്ച് ബഹു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോനെ കോൺഗ്രസ്സ് പ്രവർത്തകർ വഴിതടഞ്ഞ സംഭവം.

3. 18.10.98 ൽ പട്ടാമ്പി മിൽക് ചില്ലിംഗ് പ്ലാന്റ് ഉത്ഘാടനത്തിന് എത്തിയ ബഹു: ഭക്ഷ്യ വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായരെ കോൺഗ്രസ്സ് പ്രവർത്തകർ മേലേ പട്ടാമ്പിയിൽ വച്ച് വഴിതടഞ്ഞ സംഭവം.

4. 4.10.96 ൽ ബഹു. റവന്യൂ മന്ത്രി ശ്രീ. ഇ.കെ. ഇസ്മായിലിനെ വയനാട് ജില്ലയിലെ മീനങ്ങാടിയിൽ വച്ച് 12 -ഓളം ആദിവാസി ഫെഡറേഷൻ പ്രവർത്തകർ വഴിതടഞ്ഞ സംഭവം.

LIBRARY ARCHIVES Kerala Legislative Assembly